# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5674</u> <u>05.07.2013 - ൽ മറുപടിക്ക്</u>

## <u>ഇടുക്കി ജില്ലയിൽ എച്ച്.എസ്.എ. റാങ്ക് ലിസ്റ്റ്</u>

| <u>ചോദ്യം</u> | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് (മലയാളം) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതു വരെ നിയമനം ലഭിച്ചു; | (എ) ഇടുക്കി ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് (മലയാളം) റാങ്ക് ലിസ്റ്റിൽ നിന്നും ഒരു NJD ഉൾപ്പെടെ 19 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; | (ബി) ഒരു ബൈ ട്രാൻസ്ഫർ ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ തങ്കമണി, വാഴത്തോപ്പ്, വള്ളക്കടവ്, രാജകുമാരി എന്നിവിടങ്ങളിലെ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റ് നിലനിൽക്കെ താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കാനിടയായ സാഹചര്യം വിശദമാക്കാമോ; | (സി) ജി.എച്ച്.എസ്. വാഴത്തോപ്പ്, ജിഎച്ച്.എസ്. രാജകുമാരി എന്നീ സ്കൂളുകളിൽ പി.എസ്.സി. നിയമനം നടത്തിയിട്ടുണ്ട്. ഈ നിയമനം ലഭിച്ച ജി.എച്ച്.എസ്. രാജകുമാരിയിലെ അദ്ധ്യാപിക 90 ദിവസത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതു പ്രകാരം ടി കാലഘട്ടത്തിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചു.<br>ജി.എച്ച്.എസ്. തങ്കമണിയിൽ സൂപ്പർ ന്യൂമററിയായി നിയമിക്കപ്പെട്ട വികലാംഗയായ ഉദ്യോഗാർത്ഥിയെ അബ്സോർബ് ചെയ്ത് നിയമനം നൽകിയിട്ടുണ്ട്.<br>ജി.എച്ച്.എസ്. വഞ്ചിവയൽ (വള്ളക്കടവ്) ആർ.എം.എസ്.എ. അപ് ഗ്രേഡ് ചെയ്ത സ്കൂളാണ്. ടി |

| | |
|---|---|
| | സ്കൂളിൽ തമിഴ്, മലയാളം തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആർ.എം.എസ്.എ. ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഏതെങ്കിലും ഒരു മാധ്യമത്തിൽ മാത്രം സ്ഥിര നിയമനം നടത്താനും, രണ്ടാമത്തെ മാധ്യമത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ടി സ്കൂളിൽ എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസിന്റെ തമിഴ് തസ്തികയിൽ സ്ഥിര നിയമനം നൽകിയിട്ടുള്ളതിനാലാണ് മലയാളം തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത്. |
| (ഡി) എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) നിലവിലുള്ള ഒഴിവിന്റെ റിപ്പോർട്ടു ചെയ്യപ്പെടേണ്ട അനുപാതം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.